# THE SYRO- MALANKARA CATHOLIC CHURCH
## SYNODAL COMMISSION FOR THE YOUTH

**MORAN MOR BASELIOS CLEEMIS**
Major Archbishop-Catholicos

Thirusannidhi
Major Archbishop's House
Pattom, Trivandrum-695004


# മലങ്കര കത്തോലിക്കാ യുവജനദിനം

**2009 ഒക്ടോബർ 4 ഞായർ**

## സന്ദേശം

ഏറ്റവും പ്രിയപ്പെട്ട യുവതീയുവാക്കളെ,

വീണ്ടുമൊരു യുവജനദിനം കൂടി സമാഗതമാവുകയാണല്ലോ. അസീസ്സിയിലെ പുണ്യവാനായ ഫ്രാൻസിസിന്റെ തിരുന്നാൾ നമ്മുടെ യുവജനദിനമായി തെരഞ്ഞെടുത്തത് കേവലം യാദൃച്ഛികമല്ല. തന്റെ യൗവ്വനത്തിൽ ക്രിസ്തുവിനെ തേടിയിറങ്ങിയ ഈ യുവാവ് ലോകത്തെവിടെയുമുള്ള യുവത്വത്തിന് ഏതു കാലഘട്ടത്തിലും ഒരു പ്രചോദക ശക്തിയാണെന്നതിൽ യാതൊരു സംശയവുംവേണ്ട. നമ്മുടെ യുവജന ദിനം യുവത്വത്തെ കാലികമായി പുനർനിർമ്മിക്കുന്നതിനും അവരുടെ ദൗത്യത്തെ കാലികമായി നവീകരിക്കുന്നതിനുമുള്ള സന്ദർഭമാണ്. സനാതന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും ആദർശങ്ങളോട് അനിതരസാധാരണമായ ആവേശം പ്രകടിപ്പിക്കുന്നതിനും യുവ

ജനങ്ങൾക്ക് കഴിയണം. എന്നാൽ ഉപഭോഗ സംസ്കാരത്തിൽ മൂല്യ സങ്കല്പങ്ങൾ മാറിയിരിക്കുന്നു. നമ്മുടെ സമകാലീന സമൂഹത്തിൽ മാധ്യമങ്ങളും നവ സംഘടനകളും സനാതന മൂല്യ സങ്കല്പങ്ങളിൽ വെള്ളം ചേർത്തിരിക്കുന്നു. ഈയൊരു പശ്ചാത്തലത്തിൽ നമ്മുടെ യുവജനങ്ങൾ ഒരു തരം ബൗദ്ധികമായ സന്നിഗ്ദ്ധാവസ്ഥയിലാണ്. തെറ്റും ശരിയും വിവേചിച്ചറിയുവാൻ കഴിയാത്ത ഒരു തരം മാനസി കാവസ്ഥയിൽ ആധുനിക യുവത്വം നിരന്തരമായി തിന്മയുടെ ശക്തി കളാൽ പ്രലോഭിപ്പിക്കപ്പെടുന്നു.

തിന്മയുടെ ശക്തികൾ ഏതു കാലഘട്ടത്തേയുംകാൾ ഇന്ന് ശക്ത മാണ്. എന്നാൽ അതിന്റെ രൂപഭാവങ്ങൾ ഏറെ ആകർഷകവും സൗന്ദ ര്യമുള്ളതുമാണ്. നിരന്തരമായ ഇടപെടലുകളിലൂടെ നമ്മുടെ മനോ ഭാവങ്ങളെ അവ മാറ്റിമറിക്കുന്നു. ദീർഘകാലമായി നമ്മുടെ സമൂ ഹവും വിശിഷ്യാ നമ്മുടെ കുടുംബങ്ങളിലും ശരിയെന്നും നന്മയെന്നും കരുതിയിരുന്ന സംഗതികളോട് നമുക്ക് ക്രമേണ വിശ്വാസ്യത കുറ യുകയും നാം പുതിയ നിഗമനങ്ങളിലെത്തുകയും ചെയ്യുന്നു. വർദ്ധി ച്ചുവരുന്ന തിന്മക്ക് വീരോചിതമായ പരിവേഷമാണ് ലഭിച്ചുകൊണ്ടി രിക്കുന്നത്. മദ്യപാനം, മയക്കുമരുന്നിന്റെ ഉപയോഗം, സ്നേഹവും പ്രതിബന്ധതയുമില്ലാത്ത മാനുഷിക ബന്ധങ്ങൾ, ലൈംഗിക അരാ ജകത്വം തുടങ്ങിയ കടുത്ത തിന്മകൾക്കുപോലും ഇന്ന് രണ്ട് പക്ഷം ഉണ്ടായിരിക്കുന്നു. ദൈവാന്വേഷണവും ദൈവസമ്പാദനവും ഇതി നിടയിൽ ചില പാഴ്വേലകൾ പോലെ ചിത്രീകരിക്കപ്പെടുന്നു. ഇത് സമൂഹത്തിൽ ശക്തമായ അരാജകത്വമാണ് വരുത്തി വച്ചിരിക്കുന്ന ത്. ഈ അരാജകത്വത്തിന്റെ പാർശ്വഫലങ്ങൾ അനുഭവിക്കുവാൻ പക്ഷഭേദമില്ലാതെ അധികാരത്തിന്റെ ദല്ലാളൻമാർ കെണികൾ ഒരുക്കി കാത്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ക്രിസ്തീയ യുവത്വവും ഏറെ ജാഗ്രത പാലിക്കേണ്ട സമയമാണ്. യേശുക്രിസ്തുവുമായുള്ള ആഴ മായ വ്യക്തിബന്ധം മാത്രമാണ് ഇതിനുള്ള ഏറ്റവും വലിയ ഉപാധി. പിതാവായ ദൈവത്തിൽ നിന്നും പഠിപ്പിക്കുന്നതിനും, നയിക്കുന്നതി നും, വിശുദ്ധീകരിക്കുന്നതിനുമുള്ള ദൗത്യമാണ് തന്റെ യുവത്വത്തിന്റെ പൂർണ്ണതയിൽ നമ്മുടെ കർത്താവ് ഏറ്റെടുത്തത്. അതിന് അവിടുന്ന് നൽകിയ വില വളരെ വലുതായിരുന്നു. ത്യാഗം ആവശ്യപ്പെടുന്ന താണ് ആദർശങ്ങളിലധിഷ്ഠിതമായ ജീവിതം. യേശുവിൽ നാം ദർ ശിക്കുന്നത് ത്യാഗത്തിന്റെയും ആദർശത്തിന്റെയും പൂർണ്ണതയാണ്.



അതിനാൽ പ്രിയമുള്ള യുവജനങ്ങളെ, നമ്മുടെ കർത്താവിനേക്കാൾ ഉദാത്തമായ ഒരു മാതൃകയും നമുക്ക് നൽകപെട്ടിട്ടില്ല.

നമ്മുടെ കുടുംബങ്ങളിൽ നിന്നും മാതാപിതാക്കളിൽ നിന്നും തല മുറകളായി നാം സ്വീകരിച്ച നന്മകൾ ഏറെയാണ്. മറ്റുള്ളവരിൽ നിന്നും നാം എന്തെല്ലാം സ്വീകരിച്ചിരിക്കുന്നു. എന്നാൽ നാം വളരെ കുറച്ചുമാത്രമെ തിരികെ കൊടുത്തിട്ടുള്ളൂ. ഈയൊരു ബോധ്യം നമ്മെ നയിക്കേണ്ടത് ആഴമായ എളിമയിലേക്കാണ്. സമൂഹത്തോ ടുള്ള ഉത്തരവാദിത്തത്തിലേക്കും ശുശ്രൂഷാ മനോഭാവത്തിലേക്കും അത് നമ്മെ നയിക്കുന്നു. പ്രിയമുള്ള മാതാപിതാക്കളെ ഈ ദിന ത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നിങ്ങളോട് എടുത്തു പറയേണ്ടതില്ല ല്ലോ. നിങ്ങളുടെ പ്രാർത്ഥനയുടെയും പ്രതീക്ഷകളുടെയും ഫലമാണ് നിങ്ങളുടെ മക്കൾ. നിങ്ങളുടെ മക്കൾക്ക് വേണ്ടി പ്രാർത്ഥിക്കുന്ന തിൽ നിന്ന് നിങ്ങൾ ഒരിക്കലും വിരമിക്കരുത്. മാതാപിതാക്കൾ എന്ന തിനേക്കാൾ ഉപരി നിങ്ങൾ അവർക്ക് അവരുടെ ക്രിസ്തീയതയുടെ ഉറവിടമാകണമെന്ന് ഞാൻ നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. നമ്മുടെ മക്കളിലേക്ക് വിശ്വസവും സഭാത്മക ജീവിത ദർശനങ്ങളും പകരേണ്ടത് നമ്മുടെ മാതാപിതാക്കളാണ്.

പ്രിയ യുവതീയുവാക്കളെ ഈ പ്രപഞ്ചത്തോടും സമൂഹത്തോടും സഭയോടും കുടുംബത്തോടും നിങ്ങളോടുതന്നെയും നിങ്ങൾക്ക് ഒരു ഉത്തരവാദിത്തമുണ്ട്. അത് നിങ്ങൾ നിർവ്വഹിക്കേണ്ടത് ആഴമായ ദൈവവിശ്വാസത്തിലും ദൈവാശ്രയ ബോധത്തിലുമാണ്. പ്രകൃതിയെ ആപൽക്കരമായി കൈകാര്യം ചെയ്യുന്ന ഒരു കാലഘട്ടത്തിലാണ് നി ങ്ങൾ ജീവിക്കുന്നത്. പരിസ്ഥിതിയുടെ പരിപാലനത്തിനും പ്രകൃതി വിഭവങ്ങളുടെയും കാലാവസ്ഥയുടെയും സംരക്ഷണത്തിന് നിങ്ങളെ പ്രത്യേകം ആഹ്വാനം ചെയ്യുന്നു. സൃഷ്ടിജാലങ്ങളോട് മഹത്തര മായ ഒരു ഉത്തരവാദിത്തമാണ് നീ നിർവഹിക്കേണ്ടത്. യുദ്ധവും ഭീകരതയും വർഗ്ഗീയതയും വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ സ്നേഹത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും സമാധാന ത്തിന്റെയും കാവൽഭടൻമാരാകുവാൻ നിങ്ങളെ ഞാൻ ആഹ്വാനം ചെയ്യുന്നു. സുവിശേഷ സത്യങ്ങളിലേക്കും സഭാ പ്രബോധനങ്ങളി ലേക്കും ആത്മാർത്ഥവും ഉൽസാഹഭരിതവുമായ ഒരന്വേഷണ ശൈലി നിങ്ങൾ ഉപയോഗപ്പെടുത്തണം. മാതാപിതാക്കളോട് വിധേ യരായിരിക്കുന്നതിനും അവരുടെ കഠിനാധ്വാനത്തിന്റെ സൽഫലങ്ങ

ളാണ് ജീവിതത്തിൽ അനുഭവിക്കുന്നതെന്ന തിരിച്ചറിവും നിങ്ങൾക്കുണ്ടായിരിക്കണം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് വസിക്കുന്ന ആലയങ്ങളാണ് നിങ്ങൾ ഓരോരുത്തരും. ആയതിനാൽ വ്യതിരിക്തവും സുവിശേഷവുമായ ഒരു ദൗത്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. സാർവ്വത്രിക സഭ ഈ സംവൽസരം വൈദിക വർഷമായി ആചരിക്കുമ്പോൾ ശുശ്രൂഷാ പൗരോഹിത്യത്തിന്റെ ശ്രേഷ്ഠത തിരിച്ചറിഞ്ഞ് ദൈവികമായ ഈ ശുശ്രൂഷയിലേക്ക് നിങ്ങളുടെ പ്രത്യേകമായ ശ്രദ്ധയും താൽപര്യവും ഞാൻ ക്ഷണിക്കുന്നു.

മലങ്കരകത്തോലിക്കാ സഭയെക്കുറിച്ച് ആഴമായ അറിവുള്ളവരും അഭിമാനബോധമുള്ളവരുമായി നമ്മുടെ യുവതിയുവാക്കൾ വളരണം. ഈ അറിവും അനുഭവവും സമ്പൂർണ്ണമായ സമർപ്പണത്തിലേക്ക് നിങ്ങളെ നയിക്കും. മലങ്കര കത്തോലിക്കാ സഭയ്ക്ക് സവിശേഷമായ ചില ദൗത്യങ്ങളുണ്ട് എന്നത് നിങ്ങൾ എപ്പോഴും അനുസ്മരിക്കണം. സഭയുടെ മുഖ്യധാരയിൽനിന്ന് നിങ്ങളെ അകറ്റുവാൻ, നിങ്ങളുടെ പ്രതിബദ്ധത കുറയ്ക്കുവാൻ കിണഞ്ഞ് പരിശ്രമിക്കുന്ന സംഘടിത ശക്തികളുടെ മുന്നിൽ സഭയുടെ സംഘാതാത്മകത നിറഞ്ഞുനിൽക്കട്ടെ.

ദൈവം നിങ്ങലുടെ പഠനത്തെയും, സേവനമേഖലകളെയും, നിങ്ങളുടെ കുടുംബത്തെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ വത്സല പിതാവ്,

+Baselios Cleemis

**മോറാൻ മോർ ബസേലിയോസ്**
**ക്ലിമീസ് കാതോലിക്കാ ബാവാ**
മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്,
യുവജനങ്ങൾക്കായുള്ള സിനഡൽ കമ്മീഷൻ ചെയർമാൻ

25-09-2009
കാതോലിക്കേറ്റ് സെന്റർ
പട്ടം തിരുവനന്തപുരം

*N.B: ഈ സർക്കുലർ 2009 ഒക്ടോബർ 4, ഞായറാഴ്ച വി.കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*